## കേരള സംസ്ഥാന മനുഷ്യാവകാശകമ്മീഷൻ

ഹാജർ : കെ.ബൈജുനാഥ്,
ബഹു. ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

**എച്ച്.ആർ.എം.പി. നമ്പർ : 1638/11/12/2023/ TVM**

പരാതികക്ഷികൾ : ഷാജി.കെ.നായർ,ഗുരുസ്മൃതി വീട്, റ്റി.സി.22/1320
ശാസ്തമംഗലം,തിരുവനന്തപുരം

എതിർകക്ഷികൾ; ചന്ദ്രൻ മകൻ ഗോപീകൃഷ്ണൻ,റ്റി.സി.39/2211,അട്ടകുളങ്ങര

**മുതൽപേർ**

**ഉത്തരവ് തീയതി 09.02.2024**

ഹർജികക്ഷിയുടെ ഇളയമകൾ ദേവിക ഭതൃഗൃഹത്തിൽ വച്ച് ദുരൂഹമായ സാഹചര്യത്തിൽ മരണപ്പെട്ട സംഭവത്തിൽ പോലീസ് അന്വേഷണം കാര്യക്ഷമമായി നടക്കുന്നില്ലായെന്നും, ഭർത്താവിൻെറയും ഭർതൃവീട്ടുകാരുടെയും നിരന്തരമായ ശാരീരിക, മാനസിക പീഢനങ്ങളെ തുടർന്നാണ് മകൾ മരണപ്പെട്ടതെന്നും, മരണത്തിന് ഉത്തരവാദികളെ നിയമത്തിനു മുമ്പിൽ കൊണ്ടുവരണമെന്നും, കാര്യക്ഷമവും നിഷ്പക്ഷവുമായ അന്വേഷണത്തിനുള്ള ഉത്തരവ് ഉണ്ടാകണമെന്നും മറ്റുമാണ് പരാതിയിലെ ആവശ്യം.

കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരം തിരുവനന്തപുരം ഫോർട്ട് പോലീസ് അസിസ്റ്റൻറ് കമ്മീഷണർ ഒരു റിപ്പോർട്ട് സമർപ്പിച്ചു. പരാതി സംഭവത്തിന് ഫോർട്ട് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ക്രൈം 215/2023 u/s 174 CrPC,323,3(1)4,306,498,34IPC&sec.4 of Dowry Prohibition Act 1961 നമ്പർ കേസിൻെറ അന്വേഷണം DySp റാങ്കിലുള്ള ഉദ്യോഗസ്ഥൻ അന്വേഷിക്കേണ്ടതാകയാൽ ഈ കേസിൻെറ തുടർന്നുള്ള അന്വേഷണം തിരുവനന്തപുരം ഫോർട്ട് പോലീസ് അസിസ്റ്റൻറ് കമ്മീഷണർ നേരിട്ട് നടത്തിവരുന്നതായി റിപ്പോർട്ടിൽ നിന്നും കമ്മീഷൻ മനസ്സിലാക്കുന്നു.

ക്രൈം 215/2023 നമ്പർ കേസിൻെറ അന്വേഷണം പൂർത്തികരിച്ച് അന്തിമ റിപ്പോർട്ട് കോടതിയിൽ സമർപ്പിച്ചോ എന്നതിൻെറ സംബ്നധിച്ച ഒരു Action Taken Report കമ്മീഷൻ മുമ്പാകെ സമർപ്പിക്കേണ്ടതാണെന്ന് തിരുവനന്തപുരം ഫോർട്ട് പോലീസ് അസിസ്റ്റൻറ് കമ്മീഷണറോട് നിർദ്ദേശിക്കുന്നു. Action Taken Report 30.04.2024 തീയതിക്കു മുമ്പായി കമ്മീഷൻ ഓഫീസിൽ ഫയൽ ചെയ്യേണ്ടതാണ്.

ഒപ്പ്
കെ.ബൈജുനാഥ്
ആക്റ്റിംഗ് ചെയർമാൻ & ജുഡീഷ്യൽ അംഗം

//ശരിപ്പകർപ്പ്//

രജിസ്ട്രാർ